ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
**യു.എ.ഇ. റീജിയന്റെ ഔദ്യോഗിക പ്രസിദ്ധീകരണം**

# ശാരോൻ ട്രമ്പെറ്റ്

യു.എ.ഇ. റീജിയന്റെ കാഹളശബ്ദം

സെപ്റ്റംബർ
2025

# ശാരോൻ ഫെലോഷിപ്പ് ചർച്ച് യു.എ.ഇ. സി.ഇ.എം. ഫാമിലി ഡേ 2025 ന് അനുഗ്രഹീത സമാപ്തി



ശാരോൻ ഫെലോഷിപ് ചർച്ച് സഭകളുടെ പുത്രിക സംഘടനയായ സി. ഇ. എം.ന്റെ ആഭിമുഖ്യത്തിൽ ഫാമിലി ഡേ 2025 ആത്മീയ സംഗമത്തിന് അനുഗ്രഹീത സമാപ്തി. 2025 ജൂൺ 6ന് ദുബായ് Sama Residence ൽ വെച്ച് നടന്ന CEM UAE Region President Pr. Santhosh Sebastian ന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം ശാരോന് UAE Region Secretary Pr. Gilbert George ഉൽഘാടനം ചെയ്തു. Worship, Bible Study, കാത്തിരിപ്പുയോഗം, വിടുതൽ ശുശ്രൂഷകൾ എല്ലാം യോഗത്തിന്റെ സവിശേഷതകളായിരുന്നു.Pr. Johnson Baby, Pr. Abraham Mannamaruthy, Pr. Varghese Thomas, Pr. Sam Koshy, Pr. KB George Kutty എന്നിവർ ക്ലാസുകൾ നയിച്ചു. Pr. Thomas Varghese, Pr. Blesson George എന്നിവർ വിവിധ സെക്ഷനുകൾ നിയന്ത്രിച്ചു. Bro. Nishad Philip ന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു. CEM Region Secretary Br. Azaria Mathew വിന്റെ നേതൃത്വത്തിലുള്ള ജനറൽ കമ്മിറ്റി വിശാലമായി പിന്നിൽ പ്രവർത്തിച്ചു. ഈ ആത്മീയ സംഗമം ശാരോൻ സഭകൾക്ക് വലിയ ആത്മീയ സന്തോഷം പകരുവാൻ ഇടയായി.


















ADVISORY BOARD

Pastor Johnson Baby
Pastor Gilbert George

**Media Director**
Pastor Dr. Shibu Varghese

**Chief Editor**
Pastor Biji Philip

**Media Co-ordinator**
Bro. Titus Podikkunju

**Website Incharge**
Bro. Stinu Thomas

ശാരോൻ യു.എ.ഇ റീജിയന്റെ കാഹള ശബ്ദം

Online MAGAZINE

ശാരോൻ ട്രംപെറ്റ്

എല്ലാ മൂന്ന് മാസത്തിലൊരിക്കൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് യു.എ.ഇ. റീജിയൻ മീഡിയ ടീം ശാരോൻ ട്രംപെറ്റ് പ്രസിദ്ധീകരിക്കുന്നു.

• സഭാ വാർത്തകൾ • ലേഖനങ്ങൾ • കവിതകൾ • കഥകൾ • ഭാവനകൾ • ഫീച്ചറുകൾ

മീഡിയ ടീം
For more details please contact
050 213 7962
050 678 0675

എഡിറ്റോറിയൽ



PR. BIJI PHILIP
Chief Editor

# മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?

നമ്മുടെ രാജ്യത്തെ ഒന്നടങ്കം നടുക്കിയ എയർ ഇന്ത്യ ഫ്ലൈറ്റ് 171 ഇന്റർനാഷണൽ വിമാനം ഇന്ത്യയിലെ അഹമ്മദാബാദ് വിമാനത്താവളത്തിൽ നിന്നും യൂകെയിൽ ലണ്ടൻ ഗാറ്റ്വിക്കിലെ വിമാനത്താവളത്തിലേക്ക് 2025 ജൂൺ 12 13:39ന് പുറപ്പെടുകയും പറന്നുയർന്നതിനു ശേഷം 32 സെക്കന്റ് കഴിഞ്ഞ് ഇടിച്ചു വീഴുകയുമായിരുന്നു. 230 യാത്രക്കാരിൽ ഒരാൾ ഒഴികെ എല്ലാ യാത്രക്കാരും, കൂടാതെ 12 ക്രൂ മെമ്പേഴ്സും മരിക്കുകയുണ്ടായി. ഇടിച്ചിറങ്ങിയ കെട്ടിടത്തിൽ ഉണ്ടായിരുന്ന 19 പേർ മരിക്കുകയും 67 പേർ ഗൗരവമായി പരിക്കേൽക്കുകയും ചെയ്തു. വിമാനത്തിന്റെ ഫ്യൂസലേജ് പൂർണ്ണമായും നശിപ്പിക്കപ്പെട്ടു, കോളേജിന്റെ ഹോസ്റ്റൽ ബ്ലോക്കിലെ ഡോർമിറ്ററി പ്രദേശം നാശത്തിനിരയായി.

2025 ജൂലൈ 8ന് ഇന്ത്യയുടെ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (AAIB) പുറത്തിറക്കിയ പ്രാഥമിക റിപ്പോർട്ട് അനുസരിച്ച്, വിമാനത്തിന്റെ രണ്ട് മെച്ചപ്പെടുത്തിയ എയർബോൺ ഫ്ലൈറ്റ് റെക്കോർഡറുകൾ, ലിഫ്റ്റ്ഓഫിന് ഏതാനും നിമിഷങ്ങൾക്ക് ശേഷം ഇന്ധന നിയന്ത്രണ സ്വിച്ചുകൾ RUNൽ നിന്ന് CUTOFF ലേക്ക് നീങ്ങിയതിനെത്തുടർന്ന് രണ്ട് എഞ്ചിനുകളുടെയും ത്രസ്റ്റ് നഷ്ടപ്പെട്ടതാണ് അപകടത്തിന് കാരണമെന്ന് വെളിപ്പെടുത്തി. സ്വിച്ച് ചലനത്തിനുള്ള കാരണമൊന്നും കണ്ടെത്തിയിട്ടില്ല. അപകടത്തെക്കുറിച്ച് ഇപ്പോഴും അന്വേഷണം തുടരുകയാണ്.

ഫ്ലൈറ്റ് 171 ൽ 230 യാത്രക്കാരും 12 ജീവനക്കാരും ഉണ്ടായിരുന്നു; 13 യാത്രക്കാർ കുട്ടികളായിരുന്നു, അവരിൽ 2 പേർ ശിശുക്കളും, 2 പൈലറ്റുമാരും 10 ഫ്ലൈറ്റ് അറ്റൻഡന്റുകളുമാണ് ക്രൂ അംഗങ്ങൾ. യാത്രക്കാരുടെ മാനിഫെസ്റ്റിൽ 169 ഇന്ത്യക്കാരും 53 ബ്രിട്ടീഷുകാരും 7 പോർച്ചുഗീസുകാരും 1 കനേഡിയനും ഉൾപ്പെടുന്നു.

ഏകദേശം 15,600 മണിക്കൂറുകൾ ഫ്ലൈറ്റ് പറത്തിയ 56 കാരനായ സുമീത് സബർവാൾ ആയിരുന്നു വിമാനത്തിന്റെ ക്യാപ്റ്റൻ. വിമാനം പറത്തിയ ഫസ്റ്റ് ഓഫീസർ ക്ലൈവ് കുന്ദർ ഏകദേശം 3,400 മണിക്കൂറുകൾ ഫ്ലൈറ്റ് പറത്തിയ പൈലറ്റ് ആയിരുന്നു.

അപകടത്തിൽ നിന്ന് രക്ഷപ്പെട്ട ഏക ബ്രിട്ടീഷ് പൗരൻ വിശ്വഷ് കുമാർ രമേശ് ആണ്. എമർജൻസി എക്സിറ്റിന് അടുത്തുള്ള 11 A സീറ്റിൽ ആണ് അദ്ദേഹം ഇരുന്നിരുന്നത്. വിമാനത്തിന്റെ ഭാഗം വേർപെട്ട് ഹോസ്റ്റലിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഉറച്ചു. എമർജൻസി എക്സിറ്റ് തുറന്നപ്പോൾ ഉണ്ടായ ഒരു ദ്വാരത്തിലൂടെയാണ് അദ്ദേഹം രക്ഷപെട്ടത്. അപകടത്തിൽ നിന്ന് അദ്ദേഹം സ്വയം നടന്നുപോകുന്നതും തുടർന്ന് ആംബുലൻസിലേക്ക് കൊണ്ടുപോകുന്നതും റെക്കോർഡ് ചെയ്തിട്ടുണ്ട്.

വിമാനത്തിൽ ഉണ്ടായിരുന്ന എല്ലാവരും മരിച്ചിട്ടും ആ മനുഷ്യന്റെ സമയം ആകാഞ്ഞതിനാൽ അദ്ദേഹം മരണപ്പെട്ടില്ല. ട്രാഫിക് കാരണം ലേറ്റ് ആയതിനാൽ ഫ്ലൈറ്റ് മിസ് ആയി മരണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ട ഒരു സഹോദരിയെക്കുറിച്ചും വാർത്തകൾ ഉണ്ടായിരുന്നല്ലോ. സാധാരണ വിമാനത്തിൽ കയറുന്നവരുടെ ഉള്ളിൽ മരണത്തെക്കുറിച്ചും അപകടത്തെക്കുറിച്ചുമൊക്കെ ചിലപ്പോൾ ഒരു ചെറു ചിന്ത ഉണ്ടാകാറുണ്ട്. എന്നാൽ മരണത്തെക്കുറിച്ചു സ്വപ്നത്തിൽ പോലും ചിന്തിക്കാതെ ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന വിദ്യാർത്ഥികൾക്കും തങ്ങളുടെ ജീവൻ നഷ്ടമായി.

നമ്മുടെ മരണത്തിനു ഒരു സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അത് എപ്പോഴെന്നും എപ്രകാരമെന്നും തീരുമാനിക്കുന്നത് സർവശക്തനായ ദൈവമാകുന്നു. മരണം എപ്പോൾ സംഭവിക്കുമെന്നുള്ളതിനു യാതൊരു ഉറപ്പും ഇല്ലാത്തതിനാൽ നാം മരണാനന്തര ജീവിതത്തിനായി ഈ ഭൂമിയിൽ ആയിരിക്കുന്ന ദിനങ്ങളിൽ തന്നെ ഒരുക്കമുള്ളവരായിരിക്കണം എന്ന് ഇത്തരം സംഭവങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നു. മരണാനന്തരം എന്ത്, എവിടെ, എങ്ങനെ എന്നൊക്കെ വ്യക്തമാക്കുന്ന ഒരേ ഒരു പുസ്തകമാണ് ബൈബിൾ. വിട്ടു പിരിഞ്ഞാൽ പിന്നെ ക്രിസ്തുവിനോട് കൂടെ എന്നുള്ള പ്രത്യാശ ഒരു ദൈവഭക്തന് മാത്രമേ ഉള്ളു, അതുകൊണ്ട് തന്നെ മരണ നിഴലിൽ താഴ്വരയിൽ കൂടെ കടന്നു പോയാലും അവനു ഭയമില്ല, ദൈവ സാന്നിധ്യം അവൻ അനുഭവിക്കുവാൻ ഇടയാകും. ക്രൂശിൽ വെച്ച് അവസാന നിമിഷം അനുതപിച്ചവന് പോലും കർത്താവു വാഗ്ദത്തം ചെയ്തത് പറുദീസയാണ്.

സ്വയം കരഞ്ഞു കൊണ്ട് ഭൂമിയിൽ ആരംഭിച്ച ജീവിതം അനേകരെ കരയിപ്പിച്ചു കൊണ്ട് ഇവിടെ തന്നെ നാം അവസാനിപ്പിക്കുന്നു. ജനനം ഈ ലോകത്തിലേക്ക് നമുക്ക് കടന്നു വരാനുള്ള ഒരു വാതിലായിരുന്നുവെങ്കിൽ മരണം കർത്താവിന്റെ ലോകത്തേക്ക് പോകാനുള്ള വഴിയാണ്. ഒരു വൃക്ഷം വെട്ടിയിട്ടാൽ അത് പിന്നെയും പൊട്ടി കിളിർക്കുന്നതു പോലെ, കൂടാരമാകുന്ന ഈ ശരീരം അഴിഞ്ഞു പോയാൽ സ്വർഗീയമായ ഒരു ശരീരം ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിക്ക് മാത്രം ലഭിക്കും. മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ എന്നുള്ള ഇയ്യോബിന്റെ ചോദ്യത്തിന എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നുള്ള കൃത്യമായ ഉത്തരം നൽകിയത് യേശു കർത്താവാണ്.

മുഗൾ ചക്രവർത്തിയായിരുന്ന അലാവുദ്ദീൻ ഖിൽജിയും, ഗ്രീസ് സാമ്രാജ്യ സ്ഥാപകനായ അലക്സാണ്ടർ ചക്രവർത്തിയും മരിക്കുന്നതിന് മുമ്പ് പ്രസ്താവിച്ച വാക്കുകൾ വളരെ ശ്രദ്ധേയമാണ്. 'എന്റെ ശവപ്പെട്ടിയുടെ ഇരുഭാഗത്തും രണ്ട് ദ്വാരങ്ങൾ ഇട്ട് നാട്ടിലൊക്കെയും ഘോഷിക്കണം, ഞാനിതാ വെറും കയ്യോടെ പോകുന്നു. ഇവിടെ നിന്ന് യാതൊന്നും കൊണ്ടുപോകുന്നില്ല' എന്റെ നിര്യാണകാലം അടുത്തിരിക്കുന്നു എന്ന് പൗലോസും യേശുക്രിസ്തു എനിക്ക് അറിവ് തന്നത് പോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു എന്ന് പത്രോസും മരണത്തെക്കുറിച്ച് വ്യക്തമായി മുന്നമേ ആത്മാവിൽ തിരിച്ചറിഞ്ഞവരായിരുന്നു. 'എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു, വിട്ടു പിരിഞ്ഞു ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്, അത് അത്യുത്തമം അല്ലോ' എന്നാണ് പൗലോസ് വെളിപാടിൽ സംസാരിക്കുന്നത്. ദുഷ്ടനായാലും നീതിമാനായാലും ഒരിക്കൽ മരിക്കും. മരിക്കുമ്പോൾ മനുഷ്യന്റെ ആത്മാവ് പുറത്തേക്ക് വരും. ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകലരും പാതാളത്തിലേക്ക് തിരിയും, എന്നാൽ രക്ഷയുടെ അനുഭവം പ്രാപിച്ചവരുടെ ആത്മാക്കൾ ക്രിസ്തുവിനോട് കൂടെ പാർക്കുവാൻ പോകും.

എയർപോർട്ടിൽ പ്രിയപ്പെട്ടവരെ യാത്ര അയക്കുന്നവർ കരയാറുണ്ട്. അവർക്ക് അതി ദുഃഖം ഉണ്ട്. എന്നാൽ അവർ ചെന്നുചേരുന്ന എയർപോർട്ടിൽ അവരെ കാത്തു നിൽക്കുന്നവർക്ക് വലിയ സന്തോഷമാണ്. ഇവിടെ ദുഃഖവും എത്തിച്ചേരുന്ന പ്രത്യാശയുടെ നാട്ടിൽ സന്തോഷവും.

ദൈവം ദാനിയേലിനോട് പറഞ്ഞ ദൂത് നോക്കു. 'നീയോ അവസാനം വരുവോളം പൊയ്ക്കൊൾക, വിശ്രമിച്ച് കാലാവസ്ഥാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരിക' ലാസർ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കാണ് കൊണ്ടുപോയത്. സ്തെഫനോസും തന്റെ മരണസമയത്ത് ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നതും കാണുന്നു എന്ന് പറഞ്ഞു.


തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതു ആകുന്നു. നീതിമാന് മരണത്തിലും പ്രത്യാശയുണ്ട്. അതുകൊണ്ട് മരണം സംഭവിക്കുന്നത് എപ്പോഴാണെങ്കിലും, ഏതു ഏതുവിധേനയാണെങ്കിലും ഒരു ദൈവഭക്തന് പ്രത്യാശയോടും ധൈര്യത്തോടും അതിനെ അഭിമുഖീകരിക്കുവാൻ കഴിയും.





PR. JOHNSON BABY
Region President

# ജീവിതവിജയവും പ്രമാണങ്ങളും



ജീവിതം വിജയിക്കണമെങ്കിൽ ചില ആദർശങ്ങളും പ്രമാണങ്ങളും പിൻപറ്റേണ്ടതായിട്ടുണ്ട്. മെഡിക്കൽ ഗവേഷണ രംഗത്തും അദ്ധ്യാപന രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മഹത് വ്യക്തിയാണ് സർ ഡോകടർ വില്യം ഓസ്‌ലർ. കാനഡയിൽ ജനിച്ച് ഇംഗ്ലണ്ടിൽ പഠിച്ച് അമേരിക്കയിൽ തന്റെ പ്രവർത്തന മേഖല കണ്ടെത്തിയ വ്യക്തി. ഏറിയ കാലം ജോൺ ഹോപ്കിൻസ് (Hopkins) മെഡിക്കൽ കോളേജിലെ അദ്ധ്യാപകനായിരുന്നു. രക്തത്തിലെ പ്ലേറ്റ്ലേറ്റ് ഘടകത്തെ കുറിച്ച് ലോകത്തെ അറിയിച്ച വിഖ്യാത മെഡിക്കൽ ഗവേഷകൻ കൂടിയായിരുന്നു ഓസ്‌ലർ.

സ്വയ ജീവിതത്തിലും പ്രവർത്തനത്തിലും ഒരു പോലെ വിജയം വരിച്ച അദ്ദേഹം തന്റെ വിജയ രഹസ്യം വെളിപ്പെടുത്തുന്നുണ്ട്. അദ്ദേഹം അതിന് മൂന്ന് പ്രമാണങ്ങൾ എന്നാണ് വിളിക്കുന്നത്. ജീവിതത്തിന്റെ ഏത് മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഒരുപോലെ സ്വീകാര്യവും അനുകരിക്കാവുന്നതുമാണ്.

ഒന്ന്: അതതു ദിവസത്തെ കർത്തവ്യങ്ങൾ അന്നു തന്നെ കൃത്യമായും ഭംഗിയായും ചെയ്തു തീർക്കുക; നാളത്തെ കാര്യത്തെക്കുറിച്ച് വിചാരപ്പെടാതിരിക്കുക (മത്തായി 6:34) ഇത് അത്ര വലിയ കാര്യമൊന്നും അല്ലെന്ന് നമുക്ക് തോന്നിയേക്കാം. ഭാവിയെക്കുറിച്ച് ആലോചിച്ച് ഒന്നും ചെയ്യാതെ നടക്കുകയല്ല. ഭാവിയെ അതിന്റെ വഴിക്ക് വിടുക. ജീവിതത്തിൽ നേട്ടങ്ങളോ വിജയങ്ങളോ ഉണ്ടാകണമെങ്കിൽ ഈ പ്രമാണത്തിലൂടെ ജീവിതത്തെ തിരിച്ചുവിട്ടെങ്കിലേ കഴിയൂവെന്ന് ഓസ്‌ലർ പറയുന്നു. ഓരോ ദിവസത്തേയും ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും അതതു ദിവസം തീർത്തു എന്ന് ഉറപ്പു വരുത്തണം.



അലസതയു ഉദാസീനതയും നിമിത്തം കാര്യങ്ങൾ നീട്ടിവയ്ക്കുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും, അയതിനാൽ അവർ മാത്രമല്ല തകരുന്നത് അവരുടെ ചുറ്റും നിൽക്കുന്നവർ കൂടിയാണ് എന്ന അവബോധം ഉണ്ടാകണം. ഏത് കർത്തവ്യമേഖലയിൽ ഉള്ളവർക്കും ഇത് ബാധകമാണ്.

രണ്ടാമത്തെ പ്രമാണം: 'സ്വർണ്ണനിയമം' ഓസ്‌ലർ തന്നെ വിളിക്കുന്ന പേരാണിത്. ഇതിനർത്ഥം എന്റെ ചുറ്റും നിൽക്കുന്നവരെ സ്നേഹിക്കുക, പരിഗണിയ്ക്കുക. ആദരവ് കൊടുക്കുക എന്നെല്ലാമാണ്. അഹന്തയും സ്വാർത്ഥതയും വെടിഞ്ഞ് എല്ലാവരോടും സ്നേഹം പരമാവധി പ്രാബല്യത്തിൽ വരുത്തുക എന്നത് അപ്രായോഗികം ആയെന്ന് വരാം. പക്ഷേ പ്രമാണം അതാണെങ്കിൽ പ്രായോഗികമാക്കിയേ കഴിയൂ.അതിന് കഴിയാതെ വരുന്നത് അഹന്ത നമ്മെ ഭരിക്കുമ്പോഴാണ്. പലരിലും പല രീതികളിൽ ആണെന്ന് മാത്രം. ചിലർ ബൗദ്ധിക തലത്തിലെ പ്രധാനികൾ ആകുമ്പോൾ ചിലർ സ്ഥാനങ്ങളും പദവികളും വന്നുചേരുമ്പോൾ അതിൽ ഊറ്റം കൊണ്ടിട്ട് മറ്റുള്ളവരെ ഇടിച്ചു താഴ്ത്തി നേട്ടം കൊയ്യാൻ ആഗ്രഹിക്കുന്നു മറ്റ് ചിലർ. അവർ സ്വാർത്ഥമതികളാണ്. ഇവർക്കാർക്കും മറ്റുള്ളവരെ ഹൃദയപൂർവ്വം സ്നേഹിക്കാൻ കഴിയില്ല. ആത്മാർത്ഥമായ ബന്ധം നിലനിർത്താനും ആവില്ല. വലിപ്പ ചെറുപ്പം ഇല്ലാതെ മറ്റുള്ളവരെ ആത്മാർത്ഥമായി സ്നേഹിക്കുക എന്നതാണ് സ്വർണ്ണ നിയമം (1 കൊരിന്ത്യർ 13:16)

ഓസ്‌ലറിന്റെ മൂന്നാമത്തെ പ്രമാണം: 'സമചിത്തത' (Equanimity) വിജയം ഉണ്ടാകുമ്പോൾ വിനയപൂർവം അതിനെ സ്വീകരിക്കാനും, തൻ മയത്വത്തോടെ അതിനെ മുൻപോട്ട് നയിക്കാനും കഴിയുന്ന ഘടകമാണ്. അഹങ്കാരത്തിനും, അഹംഭാവത്തിനും അവരിൽ സ്ഥാനമുണ്ടാകില്ല . അതിന്റെ മറുവശമായ വേദനയുടെയും ദു:ഖത്തിന്റെയും അനുഭവം വന്നാൽ ധൈര്യപൂർവ്വം അതിനെ അഭിമുഖീകരിക്കാനും ഈ സമചിത്തതയ്ക്ക് കഴിയും. പ്രകോപനങ്ങളിൽ പതറാതെ പിടിച്ചു നിൽപ്പാനും സമചിത്തത വേണം.

ദർശനമില്ലാത്തയിടത്ത് ജനം മര്യാദ വിട്ടു നടക്കുന്നുവെന്ന് ദൈവവചനം പറയുന്നു ഏത് മേഖലയിൽ ഉള്ളവരും അവരുടെ ജീവിതം വിജയിക്കണമെങ്കിൽ ഓരോരുത്തർക്കും ദീർഘദർശനം ഉണ്ടാകണം.അവർക്കു മാത്രമേ ഈ മൂന്ന് പ്രമാണങ്ങളിലൂടെ നടന്നുകയറി വിജയ സോപാനത്തിൽ എത്താൻ കഴിയുകയുള്ളൂ ! അവിടെ നമ്മൾ കുടുംബങ്ങൾ, സഭകൾ, സമൂഹങ്ങൾ ഫലപ്രദമായ വിജയത്തിലെത്തും !!



# സഭകളിലെ ഭിന്നതയും സഹോദര സ്നേഹത്തിന്റെ അഭാവവും



**PR. GILBERT GEORGE**
Region Secretary

ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു ആരാണ് സഹോദരൻ? എന്താണ് സഹോദര സ്നേഹം? ഗുരു ഉപമയായി നല്ല ശമര്യനെ അവതരിപ്പിക്കുമ്പോൾ ആദിയിൽ മുഴങ്ങിയ സ്വരം ഇപ്പോഴും നമ്മോട് ചോദിക്കുന്നു നിന്റെ സഹോദരൻ എവിടെ? മാറിയ കാലഘട്ടത്തിൽ ഇത്തരം ചോദ്യങ്ങൾക്കുള്ള പ്രസക്തി തർക്ക വിഷയമായി നിൽക്കുമ്പോൾ വിശ്വാസ ഗോളത്തിൽ പോലും ഈ വിഷയത്തിന് മൂല്യച്യുതി സംഭവിച്ചിരിക്കുന്നു. ഈ അടുത്ത കാലത്ത് നടന്ന ചില സംഭവങ്ങൾ അത് നമ്മെ വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നു; സഹോദരങ്ങൾ ആരാധന തടസ്സപ്പെടുത്തുന്നു... ദൈവദാസന്മാരെ കയ്യേറ്റം ചെയ്യുന്നു.. സഭയെ പൊതുമധ്യത്തിൽ അപകീർപ്പെടുത്തുന്നു... സമൂഹമാധ്യമങ്ങൾ അത് ആഘോഷിക്കപ്പെടുന്നു... ദൈവജനമോ അത് കാലഘട്ടത്തിന്റെ മാറ്റമായി അവതരിപ്പിച്ച് അതിനോട് അനുരൂപരാകാൻ ശ്രമിക്കുന്നു.

നമ്മുടെ പെന്തക്കോസ്തു സഭകൾ നൂറ്റാണ്ടുകളായി ക്രൈസ്തവ സമൂഹത്തിൽ ആത്മീയ ഉണർവിന്റെ പ്രധാന മാർഗ്ഗമായും പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ പ്രസ്ഥാനമായും നിലകൊള്ളുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നില നിന്നുകൊണ്ട് ആത്മീയ വിശദീകരണവും ദൈവം നമുക്ക് നൽകിയ ദൗത്യത്തിൽ ഊന്നിയും നമ്മുടെ സഭ ഈ കാലഘട്ടങ്ങളിൽ വളർന്നുവരുന്നു. അതിന്റെ വളർച്ച മുന്തിരിവള്ളിയും ശാഖയും പോലെ, ആറ്റിരികത്ത് നട്ട മരം പോലെ തഴച്ചു വളർന്നുകൊണ്ടേയിരുന്നു. എന്നിരുന്നാലും ഇന്ന് പലപ്പോഴും നമ്മുടെ സഭകളിൽ ഭിന്നതയും സ്നേഹരാഹിത്യമെന്ന ദൗർബല്യവും കണ്ടുവരുന്നു. ഈ ലക്ഷണങ്ങളെല്ലാം തന്നെ സഭയുടെ നിലനിൽപ്പുകളെ പോലും ബാധിക്കുന്ന തലത്തിലേക്ക് എത്തിക്കുന്നു.

ഭിന്നത എന്നത് ആത്മീയതയുടെ ഒരു അപക്വമായ നിലപാടാണ്. (1കൊരി 1:10-13) വാക്യങ്ങളിൽ പൗലോസ് ഭിന്നത എന്ന ആശയത്തെ എതിർക്കുന്നതായി കാണാൻ കഴിയും. സഹോദരന്മാരെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു; നിങ്ങളെല്ലാവരും പരസ്പരം യോജിക്കണം നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകരുത്. (1 കൊരി 3:3) നിങ്ങളിൽ അസൂയയും കലഹവും ഉണ്ടെങ്കിൽ നിങ്ങൾ ജഡികരായി മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലോ? ഭിന്നതയുടെ ജഡികത്വം പൗലോസ് ഇവിടെ തുറന്നു കാണിക്കുന്നുണ്ട്. എന്നാൽ ഇന്ന് നമ്മുടെ സഭകളിൽ വ്യക്തിപരമായ മുൻഗണന, പാസ്റ്റർമാരോടുള്ള മമത അല്ലെങ്കിൽ ചെറിയ ഉപദേശപരമായ വ്യത്യാസങ്ങൾ, എന്നിവയെ അടിസ്ഥാനമാക്കി നിരവധി ഗ്രൂപ്പുകളും, ഉപഗ്രൂപ്പുകളും അവരുടെ ആരാധന ശൈലി ശരിയല്ല, ഞങ്ങൾ ശുദ്ധരാണ് തുടങ്ങിയ മനോഭാവങ്ങൾ വച്ചു കൊണ്ടുള്ള വേർതിരിവുകളും, നമ്മുടെ സഭയുടെ ഐക്യത്തെ മാത്രമല്ല; ദൈവം സഭയ്ക്ക് നൽകിയ ദൗത്യത്തെ കൂടെയാണ് തടസ്സപ്പെടുത്തുന്നത്. ഇത് ആത്മാവിന്റെ ചിന്തയല്ല, ജഡത്തിന്റെ ഫലമാണ് (ഗല.5: 19-21) ഇതൊക്കെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തടയുകയും, പിശാചിന് സഭയെ നശിപ്പിക്കാനുള്ള ഇടം കൊടുക്കലുമാണ്.

സഭകളായാലും വ്യക്തികൾ ആയാലും ക്രിസ്തു ജനിച്ച പരിശുദ്ധാത്മാവിൽ നിറഞ്ഞു കഴിയുമ്പോൾ ആത്മാവിന്റെ ഫലങ്ങളാണ് പുറപ്പെടുവിക്കുന്നത്. എന്നാൽ ഇന്ന് സഭയുടെ അതിരുകൾ കടന്നു അകത്തേക്ക് ചെല്ലുമ്പോൾ, ശുശ്രൂഷകരെ വെറുക്കൽ, ക്ഷമ ഇല്ലായ്മ, അപകീർത്തി പ്രചരണം, സഹോദരങ്ങൾ വളരുന്നതിനുള്ള അസൂയ എന്നിവയാണ് കാണാൻ കഴിയുന്നത്. ആത്മാവിന്റെ ഫലം പ്രത്യേകിച്ച് സ്നേഹം ചിലപ്പോൾ അവഗണിക്കപ്പെടുന്നു. ഒരാൾക്ക് എത്ര ആത്മീയമായി കഴിവുള്ളതായി തോന്നിയാലും സ്നേഹം ഇല്ലാതെ അതെല്ലാം ശൂന്യമാണ് (1 കൊരി.13) എല്ലാം പൊതുവായി എണ്ണി, പരസ്പരം ദു:ഖത്തിൽ പങ്കുചേർന്നു, ഭക്ഷണം പകുത്ത്, പ്രാർത്ഥനയിൽ കൈകോർത്തു ദൈവസഭ എന്ന ഒറ്റ കുടക്കീഴിൽ നിന്നിരുന്ന നാം ആദ്യസ്നേഹം എവിടെ നഷ്ടപ്പെടുത്തി എന്ന് വിചിന്തനം ചെയ്യണം. എന്തെന്നാൽ സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. ദൈവം എന്നത് സ്നേഹം തന്നെയാണ്.

നമ്മളെ ഓരോരുത്തരെ കുറിച്ചും, സഭയെക്കുറിച്ചും ദൈവത്തിനുള്ള ദർശനം ഐക്യത്തിലൂടെ തന്റെ മഹത്വം ലോകത്തിൽ വെളിപ്പെടുത്തുക എന്നതാണ്. യേശുക്രിസ്തു തന്റെ അവസാന പ്രാർത്ഥനയിലും അത് നമ്മെ ഓർമിപ്പിക്കുന്നു (യോഹ.17:21) 'പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരെല്ലാം ഒന്നായിരിക്കട്ടെ. അങ്ങനെ ലോകം നീ എന്നെ അയച്ചിരിക്കുന്നു എന്ന് വിശ്വസിക്കട്ടെ'. സഭ ഐക്യത്തിൽ ജീവിക്കുമ്പോഴാണ് ലോകം ദൈവത്തെ നമ്മളിലൂടെ കാണുക. അല്ലെങ്കിൽ നാം ദേശത്തിൽ നടത്തുന്ന പ്രസംഗങ്ങളും ആത്മീയ പ്രവർത്തനങ്ങളും ഒക്കെ വെറുതെയായിത്തീരും.

വിശ്വാസികൾ ഭിന്നതകൾ മാറ്റിവെച്ച് യഥാർത്ഥ സഹോദര സ്നേഹത്തിൽ ഐക്യമത്യത്തിൽ വളരുമ്പോൾ ദൈവത്തിന്റെ ദർശനം നമുക്ക് നിവർത്തിക്കാൻ കഴിയും. വിശ്വാസികളുടെ ഐക്യമാണ് സുവിശേഷത്തിന്റെ സത്യത്തെയും, ശക്തിയെയും കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുന്നത്. നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുക, ക്ഷമയും, വിനയവും പരിശീലിക്കുക, വീണ്ടും ഐക്യത്തിനായി പ്രവർത്തിക്കുക, സ്നേഹത്തിൽ വളരുക ഇതൊക്കെ തന്നെ നമ്മെ പുതിയ ആത്മീയ ഉണർവിലേക്കും സഭയുടെ ഐക്യത്തിലേക്കും, സഹോദര സ്നേഹത്തിലേക്കും വഴി നടത്തും. അതിനാൽ ദൈവം നമുക്ക് നൽകിയ ദൗത്യം മനസ്സിലാക്കിക്കൊണ്ട്, ലോകത്ത് മറന്നുകൊണ്ട് നിത്യതയ്ക്കായി പ്രവർത്തിക്കാം.

വിദ്വേഷവും സ്വാർത്ഥതയും നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ പ്രസിദ്ധ വേദപണ്ഡിതൻ A.L.വില്യംസിന്റെ വാക്കുകളിൽ ഗുരുവിന്റെ മറുപടി വിശാലവും ദൂരവ്യാപകമായ സത്യവും ഉൾക്കൊള്ളുന്നതാണ്. അതിനാൽ ഗുരുവിന്റെ വാക്കുകളിൽ ശിഷ്യരുടെ ഇടുങ്ങിയ മനസ്ഥിതിമാറാൻ,



സഹോദര സ്നേഹത്തിൽ നിലനിൽക്കാൻ, ക്രിസ്തുവിൽ ഒന്നായിത്തീരാൻ നമുക്ക് പരിശ്രമിക്കാം. അതിനായി.........

*കർത്താവിന്റെ നാമത്തിൽ ഒരുവനെ കൈക്കൊള്ളാൻ നമുക്ക് കഴിയണം.

*കർത്താവിന്റെ നാമത്തിൽ ഒരുവൻ ചെയ്ത പ്രവർത്തിയിൽ നമ്മൾ സന്തോഷിക്കണം.

*കർത്താവിന്റെ നാമത്തിൽ തങ്ങൾ ചെയ്ത പ്രവർത്തിയിൽ മറ്റൊരുവൻ ചെയ്യുമ്പോഴും നമ്മൾ അംഗീകരിക്കണം.

*കർത്താവിന്റെ നാമത്തിൽ തങ്ങൾ മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന് പിടിവാശി നമ്മൾ ഉപേക്ഷിക്കണം.

എന്തെന്നാൽ.... അതാണ് സഹോദര സ്നേഹം... അതാണ് ദൈവ സ്നേഹം..... ആ സ്നേഹത്തിന് ഭാഷയില്ല.... മതമില്ല... വർഗ്ഗ വർണ്ണ വിവേചനം ഇല്ല.. ഞാൻ നിങ്ങളെ സ്നേഹിച്ചത് പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ... ഇങ്ങനെ ഉപസംഹരിക്കട്ടെ. സഹോദരസ്നേഹം എന്നത് ഒരു ആശയമല്ല; അത് ദൈവപൈതലിന്റെ ഉത്തരവാദിത്വമാണ് ആമേൻ.




# ഉപദേശത്തിലേക്ക് മടങ്ങുന്നവർക്ക് ദൃഷ്ടാന്തമുണ്ട്.



**DR. SHIBU VARGHESE**
Director, Media Team

സുവിശേഷത്തെ സവിശേഷമാക്കുന്നത് സഭയുടെ സ്ഥാപകനായ യേശുക്രിസ്തുവിന്റെ ജീവിതം തന്നെയാണ്. 'നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു' (1 പത്രോസ് 2:21) യേശുവിന്റെ ജീവിതമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. നാം പറയുന്നതിനേക്കാൾ പ്രവർത്തിക്കുന്നതിനെയാണ് തലമുറകൾ അനുകരിക്കുന്നത്. കേൾവിയേക്കാളും കാഴ്ചയുടെ ലോകത്തേക്കാണ് മനുഷ്യന്റെ ശ്രദ്ധയും മനസ്സും ഏറ്റവും ആകർഷിക്കപ്പെടുന്നത്. ഒരിക്കൽ ഒരു അധ്യാപകൻ ക്ലാസ് മുറിയിൽ തന്റെ വിദ്യാർത്ഥികളുടെ മുമ്പിൽ നിന്നുകൊണ്ട് നിങ്ങളെല്ലാവരും ഞാൻ ചെയ്യുന്നതുപോലെ 'താടിയിൽ' തൊടുക എന്ന് പറഞ്ഞുകൊണ്ട് തൻറെ 'കവിളിൽ' തൊട്ട് കാണിച്ചു. എല്ലാ വിദ്യാർത്ഥികളും അവരവരുടെ കവിളിൽ തൊട്ടുകൊണ്ടിരുന്നു. അപ്പോൾ അധ്യാപകൻ പറഞ്ഞത് 'ഞാൻ താടിയിൽ തൊടാനാണ് പറഞ്ഞത്. പക്ഷേ നിങ്ങളെല്ലാവരും ഞാൻ ചെയ്തതുപോലെ കവിളിൽ തൊട്ടു'. ഇതിൽ നിന്നും കേൾക്കുന്നതോ പറയുന്നതോ അല്ല കാണുന്നതിനെയാണ് നമ്മുടെ മനസ്സ് അനുകരിക്കാൻ ഏറെ സാധ്യതയുള്ളത് എന്ന് അദ്ദേഹം ഒരു ചെറിയ പ്രവർത്തിയിലൂടെ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തി. ആത്മീയ ഗോളത്തിൽ നമ്മുടെ പ്രസംഗത്തേക്കാൾ നമ്മുടെ പ്രവർത്തിയെയാണ് ജനങ്ങൾ അനുകരിക്കുന്നത്. പൗലോസ് അപ്പോസ്തോലൻ എബ്രായർക്ക് എഴുതിയ ലേഖനം 13:7 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക, 'നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ. തീർച്ചയായും നമ്മുടെ ജീവിതവും വിശ്വാസവും മറ്റുള്ളവർക്ക് അനുകരിക്കാൻ യോഗ്യമായിരിക്കണമെന്ന് ഈ വചനത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകരിയായിരിക്കുക എന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. എന്നാൽ ജീവിതം അപ്രകാരം അല്ലെങ്കിൽ തിരുവചനത്തിലൂടെ ദൈവം പറയുന്നത് ശ്രദ്ധിക്കുക. 'നിങ്ങൾ നിമിത്തം എന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു. ദൈവാത്മാവ് ദു:ഖത്തോടെ പറയുന്നതും ഈ വിഷയത്തിന്റെ ഗൗരവം ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തീയ സമൂഹങ്ങളിലെ അന്ത:ച്ഛിദ്രം സോഷ്യൽ മീഡിയയിലൂടെ ജാതികളുടെ ഇടയിൽ ചർച്ച ചെയ്യപ്പെടുന്നത് എന്തുകൊണ്ടെന്നു നാം ചിന്തിക്കേണ്ടതാണ്. വിശുദ്ധ ബൈബിളിൽ ഏറ്റവും ശക്തമായി സഭയ്ക്കകത്ത് വിലക്കിയിട്ടുള്ള പ്രവർത്തികളാണ് വിഗ്രഹാരാധന, ദുർനടപ്പ്, പക്ഷം പിടിക്കൽ എന്നിവ. ഇതിൽ വിഗ്രഹാരാധന പെന്തക്കോസ്ത് സഭകളിൽ ഇല്ലായെങ്കിലും ബാക്കിയുള്ളവയെ ഇല്ലായ്മ ചെയ്യുന്നതിൽ നിഷ്ക്രിയത്വം പാടില്ല. വിശുദ്ധന്മാർക്ക് യോഗ്യമല്ലാത്ത ദുശീലങ്ങളും, പാപസ്വഭാവങ്ങളും, അനുസരണക്കേടും ജീവിതത്തിൽ നിന്ന് നീക്കി കളയേണ്ടതാണ്. ശമുവേൽ പ്രവാചകൻ ഇസ്രായേലിന്റെ ഒന്നാമത്തെ രാജാവായിരുന്ന ശൗലിനോട് അമാലേക്യരെ സമ്പൂർണ്ണമായും ഇല്ലാതാക്കുവാൻ കൽപ്പിച്ചപ്പോൾ ശൗൽ തനിക്ക് ഗുണം ഉണ്ടാകുമെന്ന് ചിന്തിച്ചതിനെ നശിപ്പിക്കാതെ തന്നോട് കൂടെ കൊണ്ടുവന്നു. ഇത് അവന് കെണിയായിതീർന്നു. അതോടെ അവന്റെ അഭിഷേകവും സമാധാനവും നഷ്ടപ്പെട്ടു. ശമുവേൽ പ്രവാചകൻ ശൗലിന്റെ ഈ പ്രവർത്തിയെ കഠിനമായി ശാസിച്ചു. അതുപോലെതന്നെ ദൈവസഭയിൽ പക്ഷപാതം കാണിക്കുന്നതും ഭിന്നതയുണ്ടാക്കുന്നതും ദൈവം വെറുക്കുന്നു. അത് തുടരുന്നവരെ ദൈവം തന്റെ അഭിഷേക ശുശ്രൂഷയിൽ നിന്നും നീക്കി കളയും എന്ന ശക്തമായ മുന്നറിയിപ്പ് ഈ ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.(1 ശമുവേൽ 15:3-15) അതുപോലെതന്നെ ദുർനടപ്പിന്റെ ഏറ്റവും വലിയ മൂർത്തിഭാവമായിരുന്ന ഈസബേലിന്റെ മരണവും അവളുടെ രാജ്യത്തിന്റെ അധപതനവും വിശുദ്ധ ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. (2 രാജാക്കന്മാർ 9:3-35) ദൈവത്തിന്റെ മുന്തിരി തോട്ടത്തെ ചീരത്തോട്ടം ആക്കുവാൻ ശ്രമിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ് ഈസെബേലിൻറെ ജീവിതം. അവൾ ദൈവത്തിന്റെ സകലവിധ പരിജ്ഞാനത്തിനും വിരോധമായി പ്രവർത്തിച്ചു. യഹോവയുടെ പ്രവാചകന്മാരെ ഇല്ലാതാക്കി. അവൾക്ക് അനുകൂലമായി പ്രവചിക്കുന്ന ബാലിന്റെ പ്രവാചകന്മാരെ വേണ്ടുവോളം സംരക്ഷിച്ചു. അതുകൊണ്ട് അവളെ നീക്കികളയുവാൻ ദൈവം ഒരു യേഹുവിനെ അഭിഷേകം ചെയ്തു. ദൈവ സഭയുടെ അകത്ത് ഇത്തരം പ്രവർത്തികൾ (ദുർനടപ്പിന്റെ) പേര് പറയുക പോലും അരുത് എന്ന് പൗലോസ് അപ്പോസ്തോലൻ തന്റെ ലേഖനത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കും എന്ന് എബ്രായ ലേഖനത്തിലും പറഞ്ഞിരിക്കുന്നത് മുന്നറിയിപ്പുകളുടെ പട്ടികയിൽ ചിലത് മാത്രമാണ്. മാത്രമല്ല, അധികാര ദുർവിനിയോഗത്തിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് ജന്മദിനത്തിൽ നീതിമാനായ സ്നാപക യോഹന്നാന്റെ തല വെട്ടിക്കളഞ്ഞ ഹെറോദാവ് എന്ന യഹൂദ്യയിലെ റോമൻ ഭരണാധികാരി (മത്തായി 14:6-10) മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ വേണ്ടി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെ അറുത്തുമാറ്റുന്നവരുടെ അന്ത്യവും അതികഠിനമായിരിക്കും എന്നത് ചരിത്രം നൽകുന്ന സാക്ഷ്യങ്ങളാണ്. ആ ഭരണാധികാരി മരണപ്പെട്ടത് അതികഠിനമായ രോഗത്താൽ ആയിരുന്നു എന്ന് ചരിത്ര രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ലോക മനുഷ്യരെപോലും നാണിപ്പിക്കുന്ന വിധത്തിൽ ക്രിസ്തുവിന്റെ ശരീരത്തിന് നിരന്തരം ദോഷം ചെയ്യുന്നവർക്ക് ദഹിപ്പിക്കുന്ന അഗ്നിയാകുന്ന ശിക്ഷാവിധിയാണ്. ദൈവം വെച്ചിട്ടുള്ളത്. ആകാശത്തുനിന്നും മഴയും മഞ്ഞും ആസ്വദിച്ചിട്ട് അതിനു തക്കതായ ഫലം കൊടുക്കാതെ മുള്ളും പറക്കാരയും മുളപ്പിച്ചാൽ ദൈവക്രോധത്തിന് ഇരയായി തീരും എന്നും മനസ്സിലാക്കേണ്ടതാണ്. (എബ്രായർ 6:7-8). നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ എന്ന് കൽപ്പിച്ച കർത്താവിന്റെ മാറ്റമില്ലാത്ത സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതാകട്ടെ നമ്മുടെ ജീവിതവും ശുശ്രൂഷകളും. മാനുഷിക മൂല്യങ്ങൾക്കും ദൈവവചന കൽപ്പനകൾക്കും വില കൽപ്പിക്കാത്തവർ പിന്നീട് വിലപിക്കേണ്ടിവരും. നമ്മോട് ക്ഷമിച്ച കർത്താവിന്റെ അതേ പ്രവൃത്തി നാം മറ്റുള്ളവരോടും കാണിക്കുവാൻ കടപ്പെട്ടവരാകുന്നു. യേശുക്രിസ്തു പറഞ്ഞ നിരവധി ഉപമകളിൽ ഒന്നാണ് ദുഷ്ടനായ ദാസന്റെ പ്രവർത്തികൾ. (മത്തായി18:21-35) യജമാനൻ അവനോട് അവന്റെ കടങ്ങൾ ഇളച്ചു കൊടുത്തു എങ്കിലും ആ ദാസൻ തനിക്ക് കടപ്പെട്ടിരുന്ന മറ്റൊരു ദാസനെ അപമാനിച്ച് തടവിലാക്കിയതും ആ വിവരം യജമാനൻ അറിഞ്ഞപ്പോൾ ദുഷ്ടദാസനെ കഠിനമായി ശിക്ഷിച്ചതും തടവിലാക്കിയത് ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമാണ്. നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടണമെങ്കിൽ നമ്മുടെ പാപങ്ങൾ ദൈവം നമ്മോട് ക്ഷമിച്ചത് പോലെ സഹോദരന്റെ പാപങ്ങളെയും ക്ഷമിക്കുവാൻ നാം തയ്യാറാകണം. പൗലോസ് അപ്പോസ്തലൻ പറയുന്നത് ശ്രദ്ധിക്കുക 'സഹോദരന്മാരെ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ ആത്മീയരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൽ. നീയും പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ സൂക്ഷിച്ചുകൊൾക (ഗലാത്യർ 6:1) ഈ എളിയവരിൽ ഒരുവനെ എങ്കിലും തുച്ഛീകരിക്കാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളുക. അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥരാകുന്ന പിതാവിന്റെ മുഖം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നുവല്ലോ (മത്തായി 18:10). ആകയാൽ ന്യായവിധി ദൈവഭവനത്തിൽ നിന്നും ആരംഭിക്കുന്നു എന്നറിഞ്ഞ് സത്യത്തിന്റെ വെളിച്ചം ലഭിച്ചവരായ നാം അന്യോന്യം ബഹുമാനിക്കുന്നതിൽ മുന്നിട്ടു നിൽക്കേണമെന്ന് പരിശുദ്ധാത്മാവ് ബുദ്ധിയുപദേശിക്കുന്നു. ആർഭാടവും ധൂർത്ത് നിറഞ്ഞ ജീവിതം നയിച്ച ധനവാന്റെ അവസാനം യാതനാ സ്ഥലത്തും, ദരിദ്രനും മുറിവേറ്റവനും ആയിരുന്ന ലാസറിന്റെ അവസാനം അബ്രഹാമിന്റെ മടിത്തട്ടിലും ആയിരുന്നു എന്നത് സകല മനുഷ്യർക്കും ദൈവം നൽകുന്ന ശക്തമായ സന്ദേശം ആകുന്നു. സമ്പത്തുകളുടെയും അധികാരത്തിന്റെയും സമൃദ്ധിയിൽ അല്ല ഇല്ലായ്മയുടെ നടുവിലും ദൈവഭയത്തിൽ ജീവിക്കുന്നവന്റെ പ്രാണനെ നിത്യതയിൽ പറുദീസയിൽ എത്തിക്കുന്ന നീതിമാനായ ദൈവം ഉണ്ടെന്നല്ലേ ഇതിനർത്ഥം. നമ്മുടെ ശ്വാസം നിലയ്ക്കുന്നതോടെ നാം ഈ ഭൂമിയിൽ അന്യരായിതീരും. നാം ചവിട്ടി നിൽക്കുന്ന മണ്ണ് നമുക്ക് മുകളിൽ വരും. കാണുന്നത് താൽക്കാലികം, കാണാത്തതോ നിത്യം. നീർക്കുമിള പോലുള്ള താൽക്കാലിക ജീവിതത്തിനു വേണ്ടി അനന്തകോടി വർഷങ്ങൾ ക്രിസ്തുവിനോട് കൂടെ ജീവിക്കുവാനുള്ള സൗഭാഗ്യം നഷ്ടമാകാതെ നമുക്ക് ദൈവഭയത്തിൽ ജീവിക്കാം. ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ആരെയും വെറുക്കാതെ ക്രിസ്തുവിന്റെ ശരീരത്തിൻറെ അവയവങ്ങളായി. മരുഭൂമിയിൽ ആയിരുന്ന ഇസ്രായേൽ മക്കളിൽ അനേകർ വാഗ്ദത്ത ദേശത്ത് എത്താതിരുന്നതിന്റെ കാരണം അവർ ദൈവത്തോടും ഉപദേശങ്ങളോടും മത്സരിച്ചു എന്നതാണ്. മാത്രമല്ല അവർ ദുർമോഹികളായി ജീവിച്ചു. അനേകർ മരുഭൂമിയിൽ പട്ടുപോയി. അവർക്കുണ്ടായ അധ:പതനം നമുക്ക് ദൃഷ്ടാന്തമാകുന്നു എന്ന് കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. 1 കൊരിന്ത്യർ 10:5-6) ഉപദേശം ലഭിച്ച ദൈവമക്കൾ കർത്താവിനെ പരീക്ഷിക്കരുത് എന്നും ഈ ലേഖനത്തിൽ ഓർമ്മപ്പെടുത്തുന്നു. ആകയാൽ ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട്, ഉപദേശ സത്യങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു വലിയ സമൂഹമായി, മാതൃകയോട് ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യു.എ.ഇ.യിലുള്ള സകല ദൈവമക്കളെയും, വിശേഷാൽ ശാരോൺ സഭകളെയും ശുശ്രൂഷകന്മാരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ. 'ഒഴിഞ്ഞിടാം ഇരുട്ടിൻ പ്രവർത്തികൾ പഴയ മനുഷ്യനോടൊപ്പം....ധരിച്ചിടാം വെളിച്ചത്തിൻ സർവ്വായുധവർഗ്ഗം....'




# AI - A Wake-up Call!!



**ABY MATHEW**
Sharon RAK

*When we depend solely on technology without examining the Bible or studying related books, we become spiritually foolish. Accepting everthing AI says blindly means we also acept its inaccuracies. We lose our authority in God's Word. A generation ignorant of God's Word, disconnected from it, and weak in understanding Scripture is being created.*

The journey of modern information technology and artificial intelligence began in 1956 with the pioneering work of Alan Turing, the brilliant English mathematician. Yet, for most people, the true impact of AI was felt only in 2022 with the launch of ChatGPT, powered by GPT — Generative Pre-Trained Transformer — technology. Since then, models like Gemini, DeepSeek, and Grok have joined the ranks, offering similar capabilities. But what makes Generative AI so revolutionary?

Before 2022, AI was largely limited to data classification and prediction. Generative AI changed the game — it can now create new data based on user input. This includes generating text, images, audio, video, and more, tailored to specific styles and formats. With the rise of Agentic AI, even many tasks traditionally done on computers can now be automated.

For instance, with the right prompt, GPT can craft a well-written article — like this one. Yet, a discerning reader can often spot AI-generated content. So, how is this AI boom shaping today's generation?

As the saying goes, "When the crowd walks, you must run in the middle." In other words, failing to adapt to these technologies could leave us behind. However, in the Christian community, especially among young believers, What are the spiritual risks of misusing this technology?

Scripture calls us to read, meditate on, and inscribe God's Word in our hearts. But are we neglecting this call due to technology overuse? The demand for spiritual books is declining. From Sunday School students to Bible scholars and even Pastors — many now rely heavily on ChatGPT and similar tools. For every task, they turn to GPT Models.

But is this wrong? Not necessarily. The danger lies in overdependence — using AI as a replacement rather than a supplement. When we stop studying the Bible and rely solely on AI, we risk becoming spiritually shallow. AI can be inaccurate, and blindly accepting its output can lead to misinformation.

When we depend solely on technology without examining the Bible or studying related books, we become spiritually foolish. Accepting everything AI says blindly means we also accept its inaccuracies. We lose our authority in God's Word. A generation ignorant of God's Word, disconnected from it, and weak in understanding Scripture is being created

It's concerning to see children and youth in churches using AI excessively — for speeches, articles, assignments — by passing Scripture and spiritual study. Without any effort, they get what they want and use it as-is. So, how can we use GPT models wisely?




**5 Ways to Use AI Responsibly in Faith-Based Contexts:**

1. Be cautious with data: Free GPT models aren't fully secure. Avoid sharing sensitive or personal information.
2. Verify accuracy: GPT generates new data, which may not always be correct. Search engines often pull from verified sources.
3. Do your own work first: Use AI to refine and enhance your ideas, not replace them.
4. Use AI to discover sources: Let it guide you to helpful websites or books, not be the final authority.
5. Always fact-check: AI outputs can be biased based on the developers' priorities. Don't accept everything at face value.

Remember, no AI can match the God-given intelligence and discernment we possess. Let's not allow technology to dull our minds or spiritual insight. Instead, let's use it wisely — as a tool that supports our growth and glorifies God

The time to act is now. Church leaders, youth ministries, and Sunday School teachers must step up. Let's raise a generation that's deeply rooted in God's Word, equipped to use technology with wisdom and purpose.

കവിത

# കരങ്ങളിൽ കാക്കും കരങ്ങളാൽ താങ്ങും



JACKSON ISSAC
Sharjah Sharon

അലമാല പോൽ ഇതാ എന്നിൽ
പാടാത്ത പാട്ടിതോ, പാടാത്ത പാട്ടിതോ....
തീച്ചൂളയിൽ ഞാൻ വീണിടിലും
കരങ്ങളിൽ കാക്കും തൻ
കരങ്ങളാൽ താങ്ങും....
കാരിരുമ്പിൻ ആഴം എന്നിൽ
താണു വന്നിടുമ്പോൾ....
കാതിൽ തേൻ മഴയായ്
കണ്ണിൽ പൊന്നലയായ്.....
എനിക്കായ് മരക്കുരിശിൽ
കരങ്ങളെ പിരിച്ചവനു....
പുറം ഉഴവുചാൽ സമം ഉഴുവാൻ
അനുവദിച്ചവനു....
എന്ത് യോഗ്യത കണ്ടെന്നിൽ
എന്തുയോഗ്യത....
സുന്ദരരൂപൻ ആണവൻ മിന്നും
തേജസാണവൻ....
ഇന്നു ഞാൻ തിരിഞ്ഞു നോക്കുമ്പോൾ
വെറും മ്ലേച്ഛമല്ലാതൊന്നും
കാണുന്നില്ലെന്നിൽ....
ഈ ത്യാഗമൊക്കെയും കാണാതെപോയ
വിഡ്ഢി ആണത് ഞാൻ....
നഷ്ടബോധമാണ് എന്നെയും ഭരിക്കുന്നത്
പറയുവാൻ കഴിവതില്ല.....
എന്നെ നടത്തിയ വൻ കൃപയെ
ആ കാല്പാടുകളിൽ മുഖമൊന്ന് അമർത്തി
കരയുവാൻ മാത്രമേ കഴികയുള്ളൂ.....



സത്യ ഷാരോൺ ക്രൈസ്റ്റ് ചർച്ച് ജബൽ അലി സഭയുടെ ആഭിമുഖ്യത്തിൽ 06 ജൂലൈ 2025നു സ്നാന ശുശ്രൂഷ നടത്തപ്പെട്ടു. ബ്രദർ സ്റ്റെർവൈൻ ജോയ് സാജൻ കർത്താവിനെ ജലത്തിൽ സ്വീകരിച്ചു. ഷാരോൺ യു.എ. ഇ. റീജിയൻ പാസ്റ്റർ ജോൺസൻ ബേബി സ്നാന ശുശ്രൂഷ നിർവഹിച്ചു.



അബുദാബി ശാരോൻ ഫെല്ലോഷിപ് സഭാംഗമായ ബ്രദർ റിന്റോ & ഡെൻസി ദമ്പതികളുടെ മകൻ ആൽഫെസ് റിന്റോ വർഗ്ഗീസ്സിന്റെ ശിശുസമർപ്പണ ശുശ്രൂഷ 13 ജൂലൈ 2025 ന് പാസ്റ്റർ ഷിബുവർഗ്ഗീസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## വിവാഹിതരായി



സത്യ ഷാരോൺ ക്രൈസ്റ്റ് ചർച്ച് ജബൽ അലി സഭാംഗമായ Bro. വെസ്‌ലിൻ എം. രാജുമോനും Sis. റിന്റു കോശിയുംആയുള്ള വിവാഹം 23 ജൂലൈ 2025 എ.കെ.എസ് ആഡിറ്റോറിയം ഓടനാവട്ടം വച്ച് നടത്തപ്പെട്ടു.



സത്യ ഷാരോൺ ക്രൈസ്റ്റ് ചർച്ച് ജബൽ അലി സഭാംഗമായ Bro. സാം ലാസറും Sis. ബ്ലെസ്സിമോളും ആയുള്ള വിവാഹം 06 ആഗസ്റ്റ് 2025 എ.ജി. ചർച്ച് കീലപറ്റത്തികുറിച്ചിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.



സത്യ ഷാരോൺ ക്രൈസ്റ്റ് ചർച്ച് ജബൽ അലി സഭാംഗമായ Bro. ബിൻസ് ബാബു Sis. ലിജു പൊന്നച്ചൻ ആയുള്ള വിവാഹം 12 മെയ് 2025 അമ്മൂസ് ആഡിറ്റോറിയം ഏനാത് വച്ച് നടത്തപ്പെട്ടു.

# ശാരോൻ ഫെല്ലോഷിപ്പ് റാസ് അൽ ഖൈമ സെന്റർ
# ഫാമിലി സെമിനാർ

റാസ് അൽ ഖൈമ : ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് റാസ് അൽ ഖൈമ സെന്റർ ക്രമീകരിച്ച ഫാമിലി സെമിനാർ മെയ് 21 ബുധനാഴ്ച്ച റാസ് അൽ ഖൈമ നക്കീൽ ടെന്റ് ഓഫ് ഗ്ലോറി ചർച്ചിൽ നടന്നു. കർത്താവിൽ പ്രസിദ്ധനായ പാസ്റ്റർ എബ്രഹാം മന്ദമരുതി (ശാരോൻ ഫെല്ലോഷിപ്പ് സൺഡേ സ്കൂൾ അസോസിയേഷൻ) ഡിജിറ്റൽ യുഗത്തിൽ ദൈവ ഭക്തിയുള്ള തലമുറയെ എങ്ങനെ വളർത്തിയെടുക്കാം എന്ന വിഷയത്തിൽ വിശദമായ ക്ലാസ് എടുത്തു. സെന്റർ സെക്രട്ടറിയും ശാരോൻ അജ്മാൻ APA, ഉമ്മൽ ഖുവൈൻ സഭകളുടെ ശുശ്രൂഷകനുമായ പാസ്റ്റർ ബേബി മാത്യു അധ്യക്ഷത വഹിച്ച യോഗം അൽ ഖൈമ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഗിൽബെർട് ജോർജ് ഉത്ഘാടനം ചെയ്തു. റാസ് അൽ ഖൈമ RAK AG പാസ്റ്റർ മാണി ഇമ്മാനുവൽ, റാസ് അൽ ഖൈമ ഗില്ഗാൽ COG പാസ്റ്റർ ജോർജ് മാത്യു, ശാരോൻ ഫെല്ലോഷിപ്പ് ഫുജൈറ ചർച്ച് പാസ്റ്റർ ഷിജു ശാമുവേൽ, ശാരോൻ ഫെല്ലോഷിപ്പ് ഉമ്മൽ ഖുവൈൻ ചർച്ച്സഹ ശുശ്രൂഷകൻ ബിജുമോൻ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ റാസ് അൽ ഖൈമ ശാരോൻ സഭ ഗാനശുശ്രൂഷ നയിച്ചു. ശാരോൻ യു.എ.ഇ റീജിയൻ പ്രതിനിധി Bro.പി.സി. മത്തായി നന്ദി അറിയിച്ചു. റാസ് അൽ ഖൈമ കാർമേൽ ശാരോൻ സഭ പാസ്റ്റർ ബിജി ഫിലിപ്പ്, സെന്റർ ഏരിയ കോഓർഡിനേറ്റർ Bro. എബി മാത്യു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.


















# ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഷാർജ ബൈബിൾ കൺവെൻഷൻ




ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഷാർജയുടെ നേതൃത്വത്തിൽ മൂന്ന് ദിവസം നീണ്ടുനിന്ന ബൈബിൾ കൺവെൻഷൻ നടത്തപ്പെടുകയുണ്ടായി. 2025 ഓഗസ്റ്റ് 25, 26, 27 തീയതികളിൽ വൈകിട്ട് 7.30 മുതൽ 10 മണി വരെ ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ വച്ചാണ് നടത്തപ്പെട്ടത്. ക്രിസ്തുവിൽ പ്രസിദ്ധനും, അറിയപ്പെടുന്ന ബൈബിൾ പ്രഭാഷകനും, മിഷണറിയുമായ ഇവാഞ്ചലിസ്റ്റ് സാജു ജോൺ മാത്യു മൂന്ന് ദിവസവും, 'പുതിയനിയമ പെന്തക്കോസ്ത്' എന്ന വിഷയത്തെ ആസ്പദമാക്കി ദൈവവചനം പ്രഘോഷിച്ചു.

വർത്തമാനകാല പെന്തക്കോസ് സഭകളിൽ നിന്ന് പുതിയ നിയമ പെന്തക്കോസ്തിന്റെ പ്രത്യേകതകൾ വളരെ ആധികാരികമായി അദ്ദേഹം വിശദമാക്കി. ഇസ്രായേലിന്റെ രാജ്യം എപ്പോൾ സ്ഥാപിക്കപ്പെടും എന്നിങ്ങനെ ലൗകിക ചിന്ത മാത്രം ഉണ്ടായിരുന്ന ശിഷ്യന്മാരെ നിത്യതയ്ക്ക് ദർശനമുള്ള ഒരു സമൂഹമായി മാറ്റുന്നതിന് പരിശുദ്ധാത്മാവിന് വലിയ പങ്കുണ്ടായിരുന്നു. ദൈവരാജ്യം എന്നത് സുവിശേഷത്തിന്റെ കാതലാണ്. പരിശുദ്ധാത്മസ്നാനം എന്നത് ഒരു വ്യക്തിക്ക് തന്റെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആക്കപ്പെടുന്നതും ആണ്. ബാബേലും പെന്തക്കോസ്തും തമ്മിലുള്ള അന്തരവും വളരെ കൃത്യമായി കൺവെൻഷനിൽ പ്രസ്താവിക്കപ്പെടുകയുണ്ടായി. മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം, വേർപാട്, കൂട്ടായ്മ, സഭയുടെ സ്വഭാവ വിശേഷങ്ങൾ ആദിയായവ താൻ വളരെ ഊന്നൽ കൊടുത്ത് പങ്കുവെച്ചു. പങ്കെടുത്ത ദൈവദാസൻ മാർക്ക് വിശ്വാസികൾക്കും ഒരുപോലെ അനുഗ്രഹീതമായിരുന്നു മൂന്നുദിവസത്തെയും സന്ദേശങ്ങൾ.

സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ.ബി.ജോർജുകുട്ടി മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകുകയും, ശാരോൺ ക്വയർ ഗാനശുശ്രൂഷ നടത്തുകയും ചെയ്തു. യു.എ.ഇയുടെ ഏഴ് എമിറേറ്റുങ്ങളിൽ നിന്നുമുള്ള ദൈവദാസന്മാരും ദൈവമക്കളും ഒരുപോലെ മീറ്റിങ്ങിൽ പങ്കാളികളായി. യു.എ.ഇയിലുള്ള ഷാരോൺ സഭകൾക്കും അതൊരു കൂട്ടായ്മയുടെ അനുഭവമായിരുന്നു. സർവ്വശക്തനായ ദൈവത്തിന് സകലമാനവും മഹത്വവും അർപ്പിക്കുന്നു.















Published by UAE Region Media Team for SHARON FELLOWSHIP CHURCH U.A.E.REGION. Chief Editor: Pr. Biji Philip, Media Region Coordinator: Bro.Titus Podikkunju,
sharontrumpetuae@gmail.com (For Private circulation inside the Church premises only) design and layout @ www.eldhodzigns.com